"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ആർഡി3/11/2026-എൽഎസ്ജിഡി-പാർട്ട്(1)
തദ്ദേശസ്വയംഭരണ (ആർഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: **28-05-2026**

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - മരണകാരണം സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കേഷൻ **(MCCD)** സംസ്ഥാനത്തെ എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. **07.07.2025** തീയതിയിലെ ഇന്റർ ഡിപ്പാർട്ട്മെന്റൽ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.
2. **18.11.2025** തീയതിയിലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാനം **1.**
3. **27.02.2026** തീയതിയിലെ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാനം **2.**
4. **07.05.2026** തീയതിയിലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാനം.

**1969** ലെ ജനന മരണ രജിസ്ട്രേഷൻ **(Registration of Births and Deaths Act, 1969)** ആക്റ്റ്, വകുപ്പ് **10**-ലെ വ്യവസ്ഥകൾ പ്രകാരം മരണകാരണം സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കേഷൻ **[Medical Certificate of Cause of Death (MCCD)]** പദ്ധതി നിലവിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിലും ആലപ്പുഴ മുനിസിപ്പാലിറ്റിയിലും നടപ്പിലാക്കിയിട്ടുണ്ട്.

പൊതുജനാരോഗ്യ നയരൂപീകരണം, രോഗ നിരീക്ഷണം, മെഡിക്കൽ ഗവേഷണം തുടങ്ങിയവയ്ക്ക് മരണകാരണങ്ങളുമായി ബന്ധപ്പെട്ട സ്ഥിതി വിവരക്കണക്കുകൾ നിർണായകപ്രാധാന്യം ഉള്ളവയായതിനാൽ എം.സി.സി.ഡി. പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ സൂചന (1) പ്രകാരമുള്ള യോഗത്തിൽ വിശദമായി വിലയിരുത്തുകയുണ്ടായി. 1969 -ലെ ജനന മരണ രജിസ്ട്രേഷൻ ഭേദഗതി ആക്റ്റിലെ വകുപ്പ് 10 ഉപചട്ടം (2), (3) അനുസരിച്ച് മെഡിക്കൽ സ്ഥാപനങ്ങളിൽ നടക്കുന്ന എല്ലാ മരണങ്ങൾക്കും മരണപ്പെട്ട വ്യക്തിയെ ചികിത്സിച്ച മെഡിക്കൽ പ്രാക്ടീഷണറും മെഡിക്കൽ സ്ഥാപനങ്ങളിലല്ലാതെ നടക്കുന്ന മരണങ്ങളിൽ, മരണപ്പെട്ട വ്യക്തിയെ മരണത്തിനു സമീപകാലത്ത് ഒരു മെഡിക്കൽ പ്രാക്ടീഷണർ ചികിത്സിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹവും നിർദ്ദിഷ്ട മാതൃകയിൽ മരണകാരണം സംബന്ധിച്ച സർട്ടിഫിക്കറ്റ് രജിസ്ട്രാർക്ക് നൽകേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലും MCCD പ്രാബല്യത്തിൽ വരുത്തേണ്ടതുണ്ട്. ആയതിലേക്കായി സൂചന (2) യോഗതീരുമാനപ്രകാരം മരണകാരണം സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കേഷൻ (MCCD) കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഘട്ടം ഘട്ടമായി വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിലെ രജിസ്ട്രേഷൻ യൂണിറ്റുകളുടെ പരിധിയിൽ വരുന്ന മെഡിക്കൽ സ്ഥാപനങ്ങളും രണ്ടാംഘട്ടത്തിൽ ഗ്രാമപ്രദേശങ്ങളിലെ രജിസ്ട്രേഷൻ യൂണിറ്റുകളുടെ പരിധിയിൽ വരുന്ന മെഡിക്കൽ സ്ഥാപനങ്ങളും മരണകാരണസാക്ഷ്യപത്രം നൽകേണ്ടതാണെന്ന് തീരുമാനിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ എം.സി.സി.ഡി പദ്ധതി സംസ്ഥാനമൊട്ടാകെ ഫലപ്രദമായി വ്യാപിപ്പിക്കുന്നതിലേക്കായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നിലവിൽ എം.സി.സി.ഡി പദ്ധതി നടപ്പിലാക്കി വരുന്ന സ്ഥാപനങ്ങളിലുൾപ്പെടെ സംസ്ഥാനത്തെ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിലെ എല്ലാ സർക്കാർ/സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളിൽ നടക്കുന്ന മരണങ്ങളിലും **2026 ജൂൺ 1 മുതൽ,** ചികിത്സ നൽകിയ മെഡിക്കൽ പ്രാക്ടീഷണർ നിർദ്ദിഷ്ട മാതൃകയിൽ മരണകാരണം സംബന്ധിച്ച സർട്ടിഫിക്കറ്റ് (Form 4) രജിസ്ട്രാർക്ക് നൽകേണ്ടതും, അതോടൊപ്പം ആ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് അടുത്ത ബന്ധുവിന് സൗജന്യമായി നൽകേണ്ടതുമാണ്.

2. 2026 ജൂൺ 1 മുതൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നടക്കുന്ന

മരണങ്ങൾ കെസ്മാർട്ട് പോർട്ടലിൽ റിപ്പോർട്ടു ചെയ്യുമ്പോൾ, മരണകാരണം സംബന്ധിച്ച സാക്ഷ്യപത്രത്തിലെ വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്ത് ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതു വരെ, ബന്ധപ്പെട്ട മെഡിക്കൽ പ്രാക്ടീഷണർ സാക്ഷ്യപ്പെടുത്തിയ **Form 4** വ്യക്തതയോടെ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്. നിലവിലുള്ള കെസ്മാർട്ട് മൊഡ്യൂളിൽ ഇതിനുള്ള സൗകര്യം ഇൻഫർമേഷൻ കേരള മിഷൻ **(IKM)** ഏർപ്പെടുത്തേണ്ടതാണ്.

3. എം.സി.സി.ഡി. ഡാറ്റയുടെ കൃത്യതയും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിലെ (ആരോഗ്യ വകുപ്പ്, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്) ഉദ്യോഗസ്ഥർക്ക് സംയുക്തമായി മുഖ്യജനനമരണരജിസ്ട്രാരുടെ ചുമതലയിൽ പരിശീലനം നൽകേണ്ടതാണ്.

4. രജിസ്റ്റർ ചെയ്യുന്ന മരണങ്ങളുമായി ബന്ധപ്പെട്ടു **Form 4** വിവരങ്ങൾ പരിശോധിച്ച് ഇന്റർനാഷണൽ ക്ലാസിഫിക്കേഷൻ ഓഫ് ഡിസീസസ് **(ICD)** പ്രകാരം കോഡിംഗ് നടത്തുന്നതിനും എം.സി.സി.ഡി. റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുമായി, മൊഡ്യൂളിൽ താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാകുന്ന തരത്തിൽ ഇൻഫർമേഷൻ കേരള മിഷൻ **(IKM)** സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

1. **District**
2. **Sector**
3. **Registration Unit**
4. **Name of Medical Institution**
5. **Type of Medical Institution**
6. **Name of Deceased**
7. **Date of Death**
8. **Age**
9. **Sex**
10. **Whether the cause of death was medically certified**
11. **Scanned image of Form 4 certified by the Medical Practitioner**

5. **MCCD** ഡാറ്റ പരിശോധിക്കുന്നതിനും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിനും റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുമായി കോർപ്പറേഷൻ ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർമാർക്കും നോസോളജിസ്റ്റിനും കെസ്മാർട്ട് ലോഗിൻ സൗകര്യവും ആവശ്യമായ വിവരങ്ങളും ഡാറ്റാ പ്രോസസിംഗ് സൗകര്യവും ഐ.കെ.എം ലഭ്യമാക്കേണ്ടതാണ്.

**6.** മരണകാരണം സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകുന്നതിൽ വീഴ്ച വരുത്തുകയോ ഉപേക്ഷ വിചാരിക്കുകയോ ചെയ്യുന്നവരിൽ നിന്നും **1969** ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ്, വകുപ്പ് **23** ഉപവകുപ്പ് **3** പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്.

ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 29-05-2026 10:46:08
സെക്ഷൻ ഓഫീസർ.

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ (അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. ഡയറക്ടർ, ഡയറക്ടറേറ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ.
5. ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്.
6. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്.
7. മുഖ്യജനനമരണരജിസ്ട്രാർ, തിരുവനന്തപുരം.
8. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മേയർ/ചെയർമാൻ/ പ്രസിഡന്റ്/ സെക്രട്ടറി എന്നിവർക്ക് (വകുപ്പ് മേധാവി മുഖേന).
9. എല്ലാ ജനനമരണരജിസ്ട്രാർമാർക്കും (മുഖ്യജനനമരണരജിസ്ട്രാർ മുഖേന).
10. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ.
11. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
12. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (**RD3/11/2026-LSGD-Part(1)**).